# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6480 — 03/04/2018-ലെ മറുപടി

### മണലൂർ മണ്ഡലത്തിലെ ഊരകം കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പ്രദേശത്തെ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിൽ ജലലഭ്യത കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ല. പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയുടെ സ്രോതസ്സിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നതായി അറിയുന്നു. |
| (ബി) | ഇതിനു പരിഹാരമായി മുട്ടിക്കൽ ചിറയ്ക്ക് സമീപമുള്ള ജലസമൃദ്ധമായ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ ആവശ്യമായ പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റിയുടെ ഫണ്ട് ലഭിക്കാതിരുന്നതിനാൽ എം.എൽ.എ. ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും അറിയിക്കാമോ; | (ബി) | എം.എൽ.എ. ഫണ്ടിൽ നിന്നും പണം അനുവദിച്ചിട്ടുണ്ട്. മുട്ടിക്കൽ ചിറക്ക് സമീപമുള്ള കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യാനുള്ള പദ്ധതിക്ക് എം.എൽ.എ ഫണ്ടിൽ ഉൾപെടുത്തി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തിക്കായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ജോലികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | കിണറിന്റെ നവീകരണം ജലലഭ്യതയും ഗുണനിലവാരവും പരിശോധിക്കൽ, പമ്പ്ഹൗസ് നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവയാണ് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നത്. |
| (ഡി) | ഈ പ്രവൃത്തിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | കിണറിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു, ജലലഭ്യത, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിനുവേണ്ടി ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | ജലലഭ്യതയും ഗുണനിലവാരവും ഭൂജല വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |
| (എഫ്) | രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ